നം.DDDKER/3160/2024-TC

ക്ഷീര വികസന വകുപ്പ് ഡയറക്ടറേറ്റ്
പട്ടം, തിരുവനന്തപുരം - 695004
ഫോൺ:0471-2445749, 2445799
e-mail:dir.dairy@kerala.gov.in
cru.ddd@kerala.gov.in
തീയതി:05-09-2024

**സർക്കുലർ നം.47/2024**

വിഷയം:-ക്ഷീര വികസന വകുപ്പ് - ഗുണനിയന്ത്രണ വിഭാഗം - 2024 ഓണക്കാലത്തോടനുബന്ധിച്ച് ജില്ലാ ഇൻഫർമേഷൻ സെന്ററുകൾ പ്രവർത്തിപ്പിക്കുന്നത് - സംബന്ധിച്ച്
സൂചന:-വാർഷിക പദ്ധതി 2024-25

ഓണക്കാലത്ത് കേരളത്തിലുണ്ടാകുന്ന അധിക പാൽ ഉപഭോഗവുമായി ബന്ധപ്പെട്ട് മേൽ സൂചനകളുടെ അടിസ്ഥാനത്തിൽ 2024-25 സാമ്പത്തിക വർഷത്തെ ഓണക്കാലത്തെ ഇൻഫർമേഷൻ സെന്ററുകളുടെ പ്രവർത്തനവും പാൽ പരിശോധനയും താഴെ പറയുന്ന നിർദ്ദേശങ്ങൾക്ക് വിധേയമായി നടത്തേണ്ടതാണ്.

- എല്ലാ ജില്ലകളിലും ഗുണനിയന്ത്രണ വിഭാഗത്തിന്റെ മേൽനോട്ടത്തിൽ ഓണക്കാലത്ത് പൊതുജനങ്ങൾക്ക് പാൽ ഗുണനിലവാരം മനസ്സിലാക്കുന്നതിനും, സാമ്പിളുകൾ പരിശോധിച്ച് ഗുണമേന്മ ബോദ്ധ്യമാക്കുന്നതിനും പാലിന്റെയും പാലുല്പന്നങ്ങളുടെയും ഗുണനിലവാരം സംബന്ധിച്ച് അവബോധം നൽകുന്നതിലേയ്ക്കുമായി ജില്ലാ ഇൻഫർമേഷൻ സെന്ററുകൾ പ്രവർത്തിപ്പിക്കേണ്ടതാണ്.
- ജില്ലാ ഇൻഫർമേഷൻ സെന്ററുകൾ 2024 സെപ്റ്റംബർ 10-ാം തീയതി മുതൽ 14-ാം തീയതി വരെ 5 ദിവസങ്ങളിൽ പ്രവർത്തിപ്പിക്കേണ്ടതാണ്. സെപ്റ്റംബർ 10 മുതൽ 13 വരെയുള്ള തീയതികളിൽ രാവിലെ 9.00 മണി മുതൽ വൈകുന്നേരം 6.00 മണി വരെയും 14-ാം തീയതി രാവിലെ 9.00 മണി മുതൽ ഉച്ചയ്ക്ക് 12 മണി വരെയും പ്രവർത്തനസമയം ആയിരിക്കുന്നതാണ്.
- ജില്ലാ ഇൻഫർമേഷൻ സെന്റർ കാര്യക്ഷമമായി നടത്തുന്നതിന്റെ ചുമതല അതാത് ഗുണനിയന്ത്രണ ഓഫീസർക്കായിരിക്കും. ജില്ലാ ഇൻഫർമേഷൻ സെന്റർ പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ ജീവനക്കാരുടെ പട്ടിക ഗുണനിയന്ത്രണ ഓഫീസർ തയ്യാറാക്കേണ്ടതും ഡെപ്യൂട്ടി ഡയറക്ടറുടെ അംഗീകാരം വാങ്ങേണ്ടതുമാണ്. ഇൻഫർമേഷൻ സെന്ററിന്റെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ ജീവനക്കാരുടെ സേവനം ഉറപ്പാക്കേണ്ടതുമാണ്.
- പാൽ പരിശോധന സംബന്ധിച്ച് ജീവനക്കാർക്ക് പരിശീലനം ആവശ്യമെങ്കിൽ ഗുണനിയന്ത്രണ യൂണിറ്റുകളിൽ നൽകേണ്ടതാണ്.

- ഓണക്കാല പാൽ പരിശോധന ആരംഭിക്കുന്നതിന് മുമ്പ് എല്ലാ ഗുണനിയന്ത്രണ ഓഫീസുകളിലും പാൽ പരിശോധന ഉപകരണങ്ങൾ നിർബന്ധമായും കാലിബ്രേറ്റ് ചെയ്യേണ്ടതാണ്. ആവശ്യമായ എല്ലാ സജ്ജീകരണങ്ങളും ഒരുക്കേണ്ടതാണ്.
- ജില്ലാ ഇൻഫർമേഷൻ സെന്ററുകളിൽ കർഷകരുടെയും ക്ഷീര സംഘങ്ങളുടെയും പാൽ സാമ്പിളുകൾ പരിശോധിക്കുന്നതോടൊപ്പം വിപണിയിൽ ലഭ്യമായ സാമ്പിളുകളും പരിശോധിക്കേണ്ടതാണ്. ഇത്തരം സാമ്പിളുകളിൽ മായം കലർന്നതായോ, ഗുണനിലവാരം കുറഞ്ഞതായോ ബോധ്യപ്പെടുന്നപക്ഷം ഭക്ഷ്യസുരക്ഷാ വകുപ്പിനെ വിവരം അറിയിക്കേണ്ടതാണ്.
- ജില്ലാ ഇൻഫർമേഷൻ സെന്ററുകൾ സംബന്ധിച്ച് മതിയായ പ്രചരണം നൽകേണ്ടതും പാലിന്റെയും പാലുത്പന്നങ്ങളുടെയും ഗുണമേന്മ സംബന്ധിച്ചും ഭക്ഷ്യ സുരക്ഷാ നിയമം സ്റ്റാൻഡേർഡ്സ് എന്നിവ സംബന്ധിച്ചും അവബോധം സൃഷ്ടിക്കുന്നതിലേക്കായി ലീഫ് ലെറ്റുകൾ, ബ്രോഷറുകൾ എന്നിവ തയ്യാറാക്കി നൽകാവുന്നതുമാണ്.
- ജില്ലാ ഇൻഫർമേഷൻ സെന്ററുകൾ സംബന്ധിച്ച് റിപ്പോർട്ട് ഫോട്ടോഗ്രാഫ് ഉൾപ്പെടെ 14/09/2024 −ന് ഡയറക്ടറേറ്റിലേക്ക് dairyddext@gmail.com എന്ന മെയിലിലേയ്ക്ക് നൽകേണ്ടതാണ്.
- ജില്ലാ ഇൻഫർമേഷൻ സെന്ററുകളുടെ പ്രവർത്തനങ്ങൾക്ക് 10,000 (പതിനായിരം) രൂപാ വീതം ഫണ്ട് അനുവദിക്കുന്നതാണ്. ഇതിലേയ്ക്ക് ആവശ്യമായ തുക ഗുണനിയന്ത്രണ ഓഫീസർമാർക്ക് അനുവദിച്ചിട്ടുള്ള തുകയിൽ നിന്നും കണ്ടെത്താവുന്നതാണ്.

Signed by
Asif K Yusuf
ഡയറക്ടർ
Date: 03-09-2024 17:54:36

ജോയിന്റ് ഡയറക്ടർ(സ്റ്റേറ്റ് ഡയറി ലാബ്/പ്ലാനിംഗ്/ജനറൽ)
ഡെപ്യൂട്ടി ഡയറക്ടർ(എക്സ്റ്റൻഷൻ/ പ്ലാനിംഗ്/ ജനറൽ /ഐ.ടി)
എല്ലാ ജില്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ ക്ഷീരപരിശീലന കേന്ദ്രം പ്രിൻസിപ്പാൾമാർക്കും
സ്റ്റേറ്റ് ഫോഡർ ഫാം സൂപ്രണ്ടിനും
എല്ലാ ക്വാളിറ്റി കൺട്രോൾ ഓഫീസർമാർക്കും (ഡെപ്യൂട്ടി ഡയറക്ടർ മുഖാന്തിരം)
എല്ലാ മേഖലാ ലബോറട്ടറി മേധാവികൾക്കും